# പൊയ്ക്കഥ

മുൻസിഫ് വെങ്ങാട്ടിൽ

**വളർന്നു** വലുതായപ്പോൾ അവർ പരീക്ഷണം തുടങ്ങി...
ദാഹിച്ചപ്പോൾ കല്ലെടുത്ത് വെള്ളത്തിലിട്ടു,
കല്ലുകളുടെ എണ്ണം കൂടിക്കൂടി വന്നു എന്നതല്ലാതെ
വെള്ളമൊന്നും കണ്ടില്ല..
കാക്കയുടെ കഥ വിഡ്ഢിത്തമായിരുന്നു,
പറഞ്ഞു പഠിപ്പിച്ച പൊയ്ക്കഥ! ■



# മൃഗശാലയിലെ കുഴിവെട്ടി

ഇഗ്നേഷ്യസ് കിത്തോളസ്

**ഞെട്ടിയുണരുന്ന** പാതിരാകളിൽ
കൊന്ന മൃഗങ്ങളുടെ കൊമ്പില്ലാ പ്രേതങ്ങൾ
ചുരമാന്തിയെത്തുന്നു,
ഒഴിഞ്ഞ വയറു കാട്ടി
കരഞ്ഞു വിളിക്കുന്നു.

എനിക്കെന്തു ചെയ്യാനാവും
കുഴിവെട്ടി മൂടാനല്ലോ
കൊമ്പും കുളമ്പും തല്ലിക്കൊഴിക്കാനല്ലോ
തോലുരിഞ്ഞ് അങ്ങേത്തേക്കയക്കാനല്ലോ....

കൂടു തിന്നു വിശപ്പടക്കുന്ന മൃഗങ്ങളെ
നിങ്ങൾ ചത്തു കുഴിവെട്ടി മൂടുകിൽ
എന്റെ കുഞ്ഞുങ്ങൾ കരയാതുറങ്ങും
കുഴിമാന്തി കൊറവു തിരിച്ച്
അത്താഴമേശയ്ക്കൊരുക്കുകിൽ
എന്റെ കൊളുത്തിപ്പിടുത്തങ്ങൾക്ക് മരുന്നും
പാപ ചിന്ത മൂടാൻ പണവും കിട്ടും.

മുഖം മാൻശാപത്തിന്റെ കുരുക്കളാൽ പൊന്തി
മനസ്സ് മുയൽപ്പേടിയുടെ പതർച്ചയാൽ മുറ്റി:
ഒളിവിടങ്ങളിലണയാൻ കൊതിക്കിലും,
വയർ കരിഞ്ഞു ചത്ത മൃഗരോദനങ്ങൾക്കും മേൽ
എന്റെ പട്ടിണി വരയപ്പെട്ടു കിടക്കുന്നു,
ഞാൻ തന്നെ ജയിക്കുന്നു,
എന്നും ചാകട്ടെ ഒരെണ്ണം! ■

Vol. No: 70 Issue No. 15 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla